## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 86.        28.09.2016 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.രാജഗോപാലൻ**<br>**ശ്രീ.എ.പ്രദീപ്കുമാർ**<br>**ശ്രീ.ആർ.രാജേഷ്**<br>**ശ്രീ.എ.എൻ.ഷംസീർ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി അസംഘടിത മേഖലയിലടക്കം പണിയെടുക്കുന്ന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമ പദ്ധതികളും നിലവിലുണ്ട്. എല്ലാ ക്ഷേമപദ്ധതികളിലും കൂടി ഏകദേശം 70 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതികളിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. സാമ്പത്തികമായി ഭദ്രതയുള്ള ബോർഡുകൾ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ക്ഷേമപദ്ധതിയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കുള്ള പെൻഷൻ 2016 ജൂൺ മുതൽ 600/- രൂപയിൽ നിന്നും 1000/- രൂപയാക്കി വർദ്ധിപ്പിച്ച് നൽകുകയും എല്ലാ പെൻഷനുകളും കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബോർഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിനും ഭരണചെലവ് |

| | |
|---|---|
| | കുറയ്ക്കുന്നതിനുമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളെ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നകാര്യം സർക്കാർ പരിഗണിച്ച് വരുന്നു. കൂടാതെ തൊഴിലാളികളിൽ നിന്നുമുള്ള അംശാദായം വർദ്ധിപ്പിക്കുന്നതിനും, സെസ്സിനത്തിൽ ലഭിക്കേണ്ട തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും, തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഇവയിൽ മിക്കവയുടെയും പ്രവർത്തനം മുൻസർക്കാരിന്റെ കാലത്ത് തീർത്തും നിഷ്ക്രിയമായിരുന്നുവെന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ ദീർഘകാലമായി കുടിശ്ശികയുണ്ടായിരുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2010 മുതലുള്ള വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. |
| (സി) വിവിധ ക്ഷേമനിധി ബോർഡുകൾക്കുള്ള സർക്കാർ വിഹിതം വർഷങ്ങളായി കുടിശ്ശികയായിട്ടുള്ളത് നൽകാൻ നടപടിയായിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**